നൽകുകയും അവ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. വികലാംഗർക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും അവരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. വികലാംഗരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമത്തിനുംവേണ്ടി ബന്ധപ്പെട്ട സർക്കാരുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ നിയമങ്ങൾ, ചട്ടങ്ങൾ, ബൈലാകൾ, റഗുലേഷനുകൾ, നിർവ്വഹണ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കാതിരിക്കൽ തുടങ്ങിയവ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ബന്ധപ്പെട്ട അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ച് നിയമാനുസൃതമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കാനായി ഒരു കമ്മീഷണറേറ്റും രൂപീകരിച്ചിട്ടുണ്ട്. വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ കേന്ദ്ര നിയമമനുസരിച്ചുള്ള ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചു കഴിഞ്ഞു. ഇവ നടപ്പിലാക്കുന്നതോടെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായ പുരോഗതി പ്രാപിക്കും.

റാന്നിയിൽ വൃദ്ധജന ഭവനം സ്ഥാപിക്കുവാൻ നടപടി

51 (2049) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധജനങ്ങളെ പാർപ്പിക്കുവാൻ ഏതൊക്കെ ജില്ലകളിലാണ് വൃദ്ധജന ഭവനങ്ങൾ ആരംഭിച്ചിട്ടുള്ളത് ;

(ബി) പത്തനംതിട്ട ജില്ലയിൽ എന്തുകൊണ്ടാണ് വൃദ്ധമന്ദിരങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നത് ;

(സി) വൃദ്ധമന്ദിരം ആരംഭിക്കുവാൻ ജനപ്രതിനിധികളുടെയും വൃദ്ധജന സംഘടനകളുടെയും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുവാൻ എന്തൊക്കെ തടസ്സങ്ങളാണ് ഉണ്ടായത് ;

(ഇ) സർക്കാർ മന്ദിരം ഇല്ലാത്തതിനാൽ ജില്ലയിൽ സ്വകാര്യ വൃദ്ധമന്ദിരങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വൃദ്ധസദനങ്ങളുടെ ഒരു ഡസനിലധികം യൂണിറ്റുകൾ പ്രവർത്തിക്കുന്ന റാന്നിയിൽ സർക്കാർ മന്ദിരം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ വൃദ്ധമന്ദിരം ആരംഭിക്കുന്നതിന് ഇതിനകം തന്നെ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സൗകര്യപ്രദമായ കെട്ടിടം ലഭിക്കാത്തതുകൊണ്ടാണ് വൃദ്ധസദനം ആരംഭിക്കാത്തത് വൃദ്ധസദനം ആരംഭിക്കുന്നതിന് സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഉണ്ട്. ഇലന്തൂർ ബ്ലോക്ക് അധികൃതരിൽ നിന്നും കത്തുകൾ ലഭിച്ചിട്ടുണ്ട്.

(ഡി) 1999-2000-ൽ വൃദ്ധസദനത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച 2.80 ലക്ഷം രൂപ ബ്ലോക്കിന് നൽകണമെന്നതായിരുന്നു ആവശ്യം. എന്നാൽ ടി തുക പി.ഡബ്ല്യൂ.ഡി. യുടെ ഹെഡിൽ ആയതിനാൽ ആവശ്യം അനുവദിക്കാൻ സാദ്ധ്യമല്ല എന്ന് ബ്ലോക്ക് അധികൃതരെ അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കാൻ നടപടി

52 (2050) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഈ മേഖലയിൽ കേന്ദ്ര സർക്കാരിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ആനുകൂല്യം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകാറുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും ഇതുവരെയായി എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിലേക്ക് അവസാനമായി കത്തിടപാട് നടത്തിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly